ജനസാഗരം സാക്ഷി; വൈവിധ്യങ്ങളുടെ ഉത്സവത്തിന് സമാപനം

സ്വന്തം ലേഖകൻ

കൊച്ചി

മൂന്നുനാൾ നീണ്ട സർഗോത്സവത്തിനും സംവാദങ്ങൾക്കും ഫോർട്ട് കൊച്ചിയുടെ മണ്ണിൽ ഉജ്വല സമാപനം. ലോകോത്തര എഴുത്തുകാരും കലാകാരന്മാരും സംഗമിച്ച വേദികളിൽ കൂട്ടായ്മയുടെയും നവ ആശയങ്ങളുടെയും സന്ദേശം വിളംബരം ചെയ്ത് ഡിവൈഎഫ്ഐ മുഖമാസിക യുവധാര സംഘടിപ്പിച്ച സാഹിത്യമേള കൊടിയിറങ്ങി. യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ സമാപനച്ചടങ്ങ് വ്യവസായമന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.

ഡിവൈഎഫ്ഐ മുഖമാസിക യുവധാര ഫോർട്ട് കൊച്ചി കടപ്പുറത്ത് സംഘടിപ്പിച്ച മേളയിലേക്ക് ആയിരങ്ങളാണ് എത്തിയത്.

ഫോർട്ട് കൊച്ചി സൗത്ത് ബീച്ചുമുതൽ വാസ്കോ ഡ ഗാമ സ്ക്വയർവരെയുള്ള സ്ഥലത്ത് പ്രത്യേകം തയ്യാറാക്കിയ മുസിരിസ്, കൊച്ചിൻ, പെരിയാർ എന്നീ വേദികളിലായി മൂന്നുദിവസംകൊണ്ട് എൺപതോളം സെഷനുകളാണ് സംഘടിപ്പിച്ചത്. രാജ്യത്തിനകത്തും പുറത്തുമുള്ള സാഹിത്യകാരന്മാർ, കലാകാരന്മാർ, രാഷ്ട്രീയനേതാക്കൾ, സിനിമ–നാടക പ്രവർത്തകർ, എഴുത്തുകാർ തുടങ്ങിയവരുടെ സാന്നിധ്യം ഫെസ്റ്റിവലിന്റെ കരുത്ത് വിളിച്ചറിയിച്ചു. വൈകിട്ട് നടന്ന സംഗീതവിരുന്നും കലാപ്രകടനങ്ങളും ആഘോഷരാവുകൾക്ക് കൂടുതൽ മിഴിവേകി.

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിന്റെ സമാപന സമ്മേളനത്തിൽ ഓവറോൾ ചാമ്പ്യൻമാരായ കോഴിക്കോട് ജില്ലയ്ക്ക് മന്ത്രി പി രാജീവ് പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു

എഴുത്തുകാരായ അരുന്ധതി റോയ്, ഗീതാഞ്ജലി ശ്രീ, ലക്ഷ്മൺ ഗെയ്ക്വാഡ്, എൻ എസ് മാധവൻ, സക്കറിയ, സച്ചിദാനന്ദൻ, പേരറിവാളൻ, അർപുതമ്മാൾ, ചലച്ചിത്രപ്രവർത്തകരായ മധുപാൽ, ആഷിഖ് അബു, മനു അശോകൻ, ഇർഷാദ്, നിഖിലവിമൽ, സജിത മഠത്തിൽ തുടങ്ങിയവർ മുഖ്യാതിഥികളായെത്തി.

സമാപനച്ചടങ്ങിൽ ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വി കെ സനോജ് അധ്യക്ഷനായി. ഫെസ്റ്റിവൽ ഡയറക്ടർ ബെന്യാമിൻ, എംഎൽഎമാരായ കെ ജെ മാക്സി, എം വിജിൻ, ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ് വി വസീഫ്, ട്രഷറർ എസ് ആർ അരുൺബാബു, യുവധാര മാനേജർ എം ഷാജർ, കേന്ദ്ര കമ്മിറ്റി അംഗം ചിന്ത ജെറോം, ജില്ലാ സെക്രട്ടറി എ ആർ രഞ്ജിത്, ജില്ലാ പ്രസിഡന്റ് അനീഷ് എം മാത്യു, സിപിഐ എം ജില്ലാ കമ്മിറ്റി അംഗം കെ എം റിയാദ്, ഡി അനിൽകുമാർ എന്നിവർ സംസാരിച്ചു.

കലാസാഹിത്യ മത്സരങ്ങളിൽ കോഴിക്കോട് ജില്ല ഒന്നാമതെത്തി. എറണാകുളം ജില്ലയാണ് രണ്ടാമത്. തൃശൂർ, കണ്ണൂർ ജില്ലകൾ മൂന്നാംസ്ഥാനം നേടി. വിജയികൾക്ക് മന്ത്രി പി രാജീവ് സമ്മാനങ്ങൾ വിതരണം ചെയ്തു.

തിരുവഞ്ചൂരും വി ഡി സതീശനും മാപ്പ് പറയണം: പി കെ ശ്രീമതി

തിരുവനന്തപുരം

ആരോഗ്യമന്ത്രി വീണാ ജോർജിനെ അപമാനിച്ച തിരുവഞ്ചൂർ രാധാകൃഷ്ണനും വി ഡി സതീശനും മാപ്പ് പറയണമെന്ന് മഹിളാ അസോസിയേഷൻ അഖിലേന്ത്യ പ്രസിഡന്റ് പി കെ ശ്രീമതി. ഔചിത്യം മറന്ന് ഭ്രഷ്ട ഭാഷയാണ് അവർ മന്ത്രിക്കെതിരെ പ്രയോഗിക്കുന്നത്. തിരുവഞ്ചൂരിനെപ്പോലുള്ള ഉന്നത രാഷ്ട്രീയ നേതാവിന് എങ്ങനെ ഈ രീതിയിൽ ഒരു വനിതയെ അധിക്ഷേപിക്കാൻ കഴിയും. സ്ത്രീകളെ അപഹസിച്ചും നിന്ദിച്ചുമല്ല കൈയടി വാങ്ങേണ്ടത്. ഒരു വനിതയായതുകൊണ്ടു മാത്രമാണ് വീണാ ജോർജ് ക്രൂരമായി ആക്രമിക്കപ്പെടുന്നതെന്നും പി കെ ശ്രീമതി പ്രസ്താവനയിൽ പറഞ്ഞു.

കെഎസ്ആർടിസിയിൽ ശമ്പളം ഇന്ന്

തിരുവനന്തപുരം

കെഎസ്ആർടിസി ജീവനക്കാരുടെ ഏപ്രിലിലെ ശമ്പളത്തിന്റെ രണ്ടാംഗഡു തിങ്കൾ രാത്രി അക്കൗണ്ടിലേക്ക് നൽകും. വെള്ളിയാഴ്ച ധനവകുപ്പ് 30 കോടി രൂപ കെഎസ്ആർടിസിക്ക് നൽകിയിരുന്നു. ഇതും ഈ മാസത്തെ വരുമാനത്തിൽനിന്ന് 15 കോടി രൂപയും എടുത്താകും ശമ്പളവിതരണം പൂർത്തിയാക്കുക.

ആർ നിശാന്തിനി എസ്പിസി നോഡൽ ഓഫീസർ

തിരുവനന്തപുരം

സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതിയുടെ നോഡൽ ഓഫീസറുടെ ചുമതല ഇനിമുതൽ തിരുവനന്തപുരം റെയ്ഞ്ച് ഡിഐജി ആർ നിശാന്തിനിക്ക്. കോഴിക്കോട് സിറ്റി പൊലീസ് മേധാവിയായിരുന്ന പി വിജയനായിരുന്നു നോഡൽ ഓഫീസർ.

ശബരിമല നട തുറന്നു

ശബരിമല

ഇടവമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഞായറാഴ്ച വൈകിട്ട് അഞ്ചിന് തുറന്നു. തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ കാർമികത്വത്തിൽ മേൽശാന്തി വി ജയരാമൻ നമ്പൂതിരി ശ്രീകോവിൽ നടതുറന്ന് ദീപങ്ങൾ തെളിച്ചു. മേൽശാന്തി ഹരിഹരൻ നമ്പൂതിരി മാളികപ്പുറം ക്ഷേത്രനട തുറന്ന് വിളക്ക് തെളിച്ചു.

ബിജെപിക്കെതിരെ നിരന്തരം പോരാടും: അരുന്ധതി റോയ്

അരുന്ധതി റോയ് / എസ് ശ്രീലക്ഷ്മി

ഇന്ത്യയുടെ സമകാലികരാഷ്ട്രീയത്തെക്കുറിച്ച്, സംഘപരിവാറിനെതിരെയുള്ള പോരാട്ടത്തെക്കുറിച്ച് എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ അരുന്ധതി റോയ് ദേശാഭിമാനിയോട് സംസാരിക്കുന്നു

വൈവിധ്യങ്ങളെ ആഘോഷമാക്കുന്ന വൈഎൽഎഫിനെക്കുറിച്ച്?

ഇത്തരം വേദികൾ വലിയ പ്രചോദനമാണ്. യുവാക്കളും വിദ്യാർഥികളും അധ്യാപകരും കലാപ്രവർത്തകരുമൊക്കെ സംഘപരിവാറിനെതിരെ മുന്നോട്ടുവരേണ്ട, അപകടകരമായ സ്ഥിതിയാണുള്ളത്. അതുകൊണ്ടാണ് ബിജെപിക്കെതിരെ എവിടെയും സംസാരിക്കാൻ ഞാൻ തയ്യാറാകുന്നത്.

സംഘപരിവാറിനെതിരെ വലിയ പ്രതിരോധം തീർക്കുന്ന കേരളത്തെക്കുറിച്ച്?

ആർഎസ്എസിനെ എന്നും പുറത്തുനിർത്തിയ ചരിത്രമാണ് കേരളത്തിന്റേത്. ഇവിടെ ജനമനസ്സിൽ സംഘപരിവാറിനെതിരെ ജ്വലിക്കുന്നൊരു അഗ്നിയുണ്ട്. തെരഞ്ഞെടുപ്പുഫലം വന്നപ്പോൾ 'ബിജെപിക്ക് ആനമുട്ട' എന്നൊരു സന്ദേശം സഹോദരന്റെ ഭാര്യ അയച്ചിരുന്നു. ബിജെപിക്ക് എക്കാലവും ലഭിക്കേണ്ടത് അതാണ്. ദക്ഷിണേന്ത്യക്കൊപ്പം ബിഹാർ, പഞ്ചാബ് എന്നിവിടങ്ങളിലും ബിജെപിക്കെതിരെ ജനവികാരമുയരുന്നത് പ്രതീക്ഷയാണ്.

കർണാടകത്തിലെ ബിജെപിയുടെ തോൽവിയെക്കുറിച്ച്?

കർണാടകത്തിലെ തെരഞ്ഞെടുപ്പുഫലം വന്ന ദിവസം ഉറങ്ങിയിട്ടില്ല. അത്രയും സന്തോഷമായിരുന്നു. കർണാടകത്തിൽനിന്ന് സന്തോഷമെത്തുമ്പോൾ മണിപ്പൂർ കത്തുകയാണ്. അവിടെ പരസ്പരം പിന്തുണച്ചിരുന്ന പല ഗോത്രവിഭാഗങ്ങളെയും സംഘപരിവാർ വെറുപ്പിന്റെ പ്രത്യയശാസ്ത്രം കുത്തിവച്ച് ഭിന്നിപ്പിച്ചു.

കേന്ദ്രത്തിനെതിരെ സത്യപാൽ മാലിക് ഉൾപ്പെടെയുള്ളവരുടെ ഗുരുതര വെളിപ്പെടുത്തലുകൾ വന്നല്ലോ?

മൃതദേഹങ്ങൾക്കുമുകളിൽ കെട്ടിപ്പൊക്കിയ രാഷ്ട്രീയപാർടിയാണ് ബിജെപി. സത്യപാൽ മാലിക് പറഞ്ഞത് ഗൗരവമുള്ളതാണ്. കശ്മീരിൽ ഞാൻ ഒരു പാടുതവണ പോയിട്ടുണ്ട്. സൈനികവിന്യാസത്തെക്കുറിച്ച് നന്നായി അറിയാം. ഇത്രയധികം സ്ഫോടകവസ്തുക്കൾ എത്തിച്ച വിവരം അറിഞ്ഞില്ലെന്നത് വിശ്വസിക്കാനാകില്ല. ഈ ദുരന്തം മുൻനിർത്തി തൊട്ടടുത്ത ദിവസം വോട്ട് ചോദിച്ചിറങ്ങുകയാണ് മോദി ചെയ്തത്.

ഇന്ത്യയിലെ മാധ്യമസ്വാതന്ത്ര്യത്തെക്കുറിച്ച്?

കോൺഗ്രസിന്റെ കാലംമുതൽ ചർച്ചയാകുന്ന വിഷയമാണിത്. നിലവിൽ കേന്ദ്രസർക്കാരിനെ പിന്തുണയ്ക്കുന്നവരിൽ പലർക്കും വലിയ പദവികൾ നൽകുകയാണ്. ഒരിക്കൽ ഈ ഇരുണ്ട ടണലിനകത്തുനിന്ന് നാം പുറത്തുവരും. അന്ന് രാജ്യത്തോട് ചെയ്തതോർത്ത് ചില മാധ്യമങ്ങൾ നാണിക്കും. ഉത്തരേന്ത്യയിൽ സ്ഥിതി കൂടുതൽ സങ്കീർണമാണ്. അവിടെ നിയമവും കുറ്റവാളികൾക്കൊപ്പമാണ്. കുറ്റവാളികൾ പുറത്തിറങ്ങുന്നത് ആഘോഷിക്കാനാണ്. നുണകൾ വിശ്വസിക്കാൻ ജനം തയ്യാറാകുന്നതും പേടിപ്പെടുത്തുന്നതാണ്. ഇതിനെയെല്ലാം മറികടന്ന് പ്രതിരോധം തീർക്കുകയെന്ന വലിയ ദൗത്യമാണ് നമുക്കു മുന്നിലുള്ളത്.

അതിഥിത്തൊഴിലാളിയുടെ കൊലപാതകം: 9 പേർ അറസ്റ്റിൽ

അരീക്കോട് (മലപ്പുറം)

- വടിയും ഇരുമ്പുപൈപ്പും കല്ലും ഉപയോഗിച്ച് മർദനം
- പ്രതികൾ മൊബൈൽ ഫോണിൽ ചിത്രമെടുത്തു

കിഴിശേരി തവനൂർ ഒന്നാം മൈലിൽ ആൾക്കൂട്ട മർദനത്തിൽ ബിഹാർ സ്വദേശി മരിച്ച കേസിൽ ഒമ്പതുപേർ അറസ്റ്റിൽ. കിഴിശേരി തവനൂർ സ്വദേശികളായ ബിലാക്കൽ വീട്ടിൽ മുഹമ്മദ് അഫ്സൽ, ഫാസിൽ, ഷറഫുദ്ദീൻ, ദേവർതൊടി മെഹബൂബ്, ദേവർതൊടി അബ്ദുൾസമദ്, വേങ്ങാട്ടിൽ നാസർ, ചെവിട്ടാണി പറമ്പ് ഹബീബ്, പാലത്തിങ്ങൽ അയൂബ്, പാട്ടുകാരൻ സൈനുൽ ആബിദ് എന്നിവരാണ് അറസ്റ്റിലായത്. ബിഹാർ ഈസ്റ്റ് ചമ്പാരൻ ജില്ലയിലെ സോണ്ടർ മാഞ്ചിയുടെ മകൻ രാജേഷ് മാഞ്ചി (36)ആണ് കഴിഞ്ഞദിവസം ആൾക്കൂട്ട മർദനത്തിൽ മരിച്ചത്. ഭീകര മർദനമാണേറ്റതെന്ന് പൊലീസ് പറഞ്ഞു.

ശനിയാഴ്ച പുലർച്ചെ കിഴിശേരി തവനൂർ റോഡിൽ ഒന്നാം മൈലിലെ കോഴിക്കടയിലുള്ളവരാണ് ആദ്യം രാജേഷിനെ കണ്ടത്. ഇവർ തൊട്ടടുത്ത വീട്ടുകാരനായ അഫ്സലിനെ വിളിച്ചുവരുത്തി കെട്ടിയിട്ട് മർദിച്ചു. മരക്കമ്പ്, ഇരുമ്പു പൈപ്പ് എന്നിവകൊണ്ട് ടിച്ചും കല്ലുകൊണ്ടിടിച്ചും രണ്ടുമണിക്കൂറോളം മർദനം തുടർന്നു. അവശനായ രാജേഷിനെ റോഡരികിൽ ഉപേക്ഷിച്ചു. പ്രതികൾതന്നെയാണ് പൊലീസുകാരനെ വിവരം അറിയിച്ചത്. പൊലീസ് എത്തി പുലർച്ചെ മൂന്നരയ്ക്കുശേഷം ആംബുലൻസിൽ കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിക്കുകയായിരുന്നു.

പ്രതികളെ തെളിവെടുപ്പിന് എത്തിച്ചപ്പോൾ

പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കളുടെ സമ്മതത്തോടെ കോഴിക്കോട് പൊതു ശ്മശാനത്തിൽ സംസ്കരിച്ചു. പ്രദേശത്തെ കാലിത്തീറ്റ വിപണന കേന്ദ്രത്തിൽ ജോലിക്കായി എത്തിയ രാജേഷ് വെള്ളിയാഴ്ചയാണ് ഒന്നാം മൈലിൽ വാടകയ്ക്ക് താമസം തുടങ്ങിയത്.

കൊണ്ടോട്ടി എഎസ്പി വിജയ് ഭരത് റെഡ്ഡിയുടെ നേതൃത്വത്തിലാണ് കേസന്വേഷണം. മോഷണശ്രമത്തിനിടെയാണ് പിടികൂടിയത് എന്നതിന് തെളിവില്ലെന്ന് പൊലീസ് പറഞ്ഞു. മർദിച്ചശേഷം പ്രതികൾ മൊബൈൽ ഫോണിൽ പകർത്തിയ ചിത്രം ലഭിച്ചിട്ടുണ്ട്. പ്രതികളെ സംഭവസ്ഥലത്തെത്തിച്ച് തെളിവെടുത്തു.